നമ്പർ. സി2/18473/റ്റിസി/2012

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎ 0471-2333337/2333317 ഫാക്സ് 0471-2333314]
[ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയ്യതി, 09/11/2012

പ്രേഷിതൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും (എൻഫോഴ്സ്മെന്റ്),
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

സർ,

വിഷയം :- *മോട്ടോർ വാഹന വകുപ്പ്* – അപകടകരമായ വസ്തുക്കൾ വഹിച്ചുകൊണ്ടു പോകുന്ന ചരക്ക് വാഹനങ്ങൾ - സംബന്ധിച്ച്

സൂചന :- 04.09.2012-ന് ബഹു: ഗതാഗത വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിന്റെ നടപടിക്കുറിപ്പുകൾ.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. അപകടകരമായ വസ്തുക്കൾ വഹിച്ചുകൊണ്ടു പോകുന്ന ചരക്ക് വാഹനങ്ങൾ ഓടിക്കുന്നതിന് ലൈസൻസ് നൽകുന്നതിന് മോട്ടോർ വാഹന നിയമം അനുശാസിക്കുന്ന എല്ലാ മാനദണ്ഡങ്ങളും കർശനമായി പാലിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ലൈസൻസിംഗ് അതോറിറ്റി/അഡീഷണൽ ലൈസൻസിംഗ് അതോറിറ്റികൾ വീഴ്ച വരുത്തുവാൻ പാടില്ല.

ഹസാഡസ് ഗുഡ്സ് വാഹനങ്ങൾ ഓടിക്കുന്നതിനുള്ള ലൈസൻസ് വർഷംതോറും പുതുക്കുന്നുണ്ടോ എന്ന് പരിശോദ്ധിക്കേണ്ടതാണ്. കൂടാതെ ഓരോ തവണയും ഫയർ & സേഫ്റ്റി സർടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ്, കാഴ്ച പരിശോധനാ സർട്ടിഫിക്കറ്റ് എന്നിവ ലൈസൻസ് പുതുക്കുന്നതിന് ഹാജരാക്കേണ്ടതാണ്. ഫയർ & സേഫ്റ്റി സർട്ടിഫിക്കറ്റ് അംഗീകൃത

സ്ഥാപനങ്ങളിൽനിന്നും ലഭ്യമാക്കേണ്ടതാണ്. വ്യാജ സർട്ടിഫിക്കറ്റ് അനുവദിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടിയെടുക്കേണ്ടതാണ്.

മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ ആവശ്യപ്പെടുമ്പോൾ സർക്കാർ സർവ്വീസിൽ ഉള്ള ഡോക്ടർമാരിൽനിന്നുതന്നെ ലഭ്യമാക്കേണ്ടതാണ്. ലൈസൻസ് പുതുക്കുന്നതിന് മെഡിക്കൽബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റ് നിർബ്ബന്ധമാക്കണം.

മേൽനിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,
ഒപ്പ്
ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ,
(എൻഫോഴ്സ്മെന്റ്)
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

അംഗീകാരത്തോടെ

15/11/012

സീനിയർ സൂപ്രണ്ട്

സിഡി.